(സി) നാലാം ശമ്പള പരിഷ്കരണം 1-7-1983-ലും അഞ്ചാം ശമ്പള പരിഷ്കരണം 1-7-1988-ലും തുടർന്ന് 1-3-1992-ലും 1-3-1997-ലും 1-7-2004-ലും 1-7-2009-ലുമാണ് മുൻപ് ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. അതായത് 5 വർഷം, 4 വർഷം, 7 വർഷം, 5 വർഷം, 5 വർഷം എന്നീ ഇടവേളകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ ഭരണാനുമതി

106 (112) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വരെ ഭരണാനുമതി നൽകാം എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ പരിധിയ്ക്കുമുകളിൽ ഏതെങ്കിലും ഭരണ വകുപ്പുകൾ ഭരണാനുമതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പരിധിയ്ക്ക് പുറത്ത് ഭരണാനുമതി നൽകിയ ഇനങ്ങളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ 150 ശതമാനംവരെ മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഭരണവകുപ്പിന് അനുമതി നൽകിക്കൊണ്ട് 1-3-2013- ലെ സ.ഉ. (പി) നമ്പർ 110/13/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഭരണവകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

പൊതുഖജനാവിലെ സാമ്പത്തിക സ്ഥിതി

107 (113) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതു ഖജനാവിൽ പണം മിച്ചമുണ്ടായിരുന്നോ ; എങ്കിൽ എത്ര രൂപ മിച്ചമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly